# CAREER Updates
# പത്രവൃത്താന്തം

**14.09.2023 (വ്യാഴം)**



- ➪ 2023 സെപ്തംബറിൽ ഇന്ത്യൻ വ്യോമസേന സ്വന്തമാക്കിയ യുദ്ധമുഖത്ത് ആയുധങ്ങൾക്കൊപ്പം സേനാംഗങ്ങളേയും എത്തിക്കാൻ സൗകര്യമുള്ള അത്യാധുനിക യാത്രാ യുദ്ധവിമാനം
- ✔ സി-295
- ഇന്ത്യൻ വ്യോമസേനയുടെ ആദ്യ യാത്രാ യുദ്ധവിമാനമായ സി-295 ദുരന്തമേഖലകളിലെ രക്ഷാപ്രവർത്തനങ്ങൾ, സമുദ്ര പട്രോളിംഗ് തുടങ്ങിയ വിവിധ ദൗത്യങ്ങൾക്കും സജ്ജമാണ്.
- മണിക്കൂറിൽ 482 കിലോമീറ്റർ വേഗമുള്ള വിമാനത്തിന് 9250 കി.ഗ്രാം ഭാരം വരെ വഹിക്കുവാൻ കഴിയും.
- സ്പെയിനിലെ എയർബസ് ഡിഫൻസ് ആന്റ് സ്പെയ്സ് എന്ന കമ്പനിയുമായി 56 വിമാനങ്ങൾ വാങ്ങുന്നതിനാണ് ഇന്ത്യൻ വ്യോമസേന കരാറിലേർപ്പെട്ടിരിക്കുന്നത്. ഇതിൽ 16 എണ്ണമാണ് സ്പെയിനിൽ നിന്നും നേരിട്ടെത്തുന്നത്. ബാക്കി 40 എണ്ണം ഇന്ത്യയിൽ നിർമ്മിക്കും. ആദ്യത്തെ വിമാനം സ്പെയിനിലെ സെവില്ലയിൽ നടന്ന ചടങ്ങിൽ വ്യോമസേനാ മേധാവിയായ വി.ആർ. ചൗധരി ഏറ്റുവാങ്ങി.

---

- ➪ 2023 സെപ്തംബറിൽ അന്തരിച്ച കേരളത്തിലെ മുതിർന്ന ബി.ജെ.പി. നേതാവ്
- ✔ പി.പി. മുകുന്ദൻ
- ➪ ജൈവ ഇന്ധനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും വളർന്നുവരുന്ന സമ്പദ്‌വ്യവസ്ഥകൾക്ക് ജൈവ ഇന്ധന ലഭ്യത ഉറപ്പാക്കുന്നതിനുമായി 2023 സെപ്തംബറിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഖ്യാപിച്ച ആഗോള കൂട്ടായ്മ
- ✔ ഗ്ലോബൽ ബയോഫ്യൂവൽ അലയൻസ് (GBA)
- ഇന്ത്യ, യു.എസ്., ബ്രസീൽ എന്നീ രാജ്യങ്ങൾ സ്ഥാപകാംഗങ്ങളായ ഗ്ലോബൽ ബയോഫ്യൂവൽ അലയൻസിൽ മറ്റ് രാജ്യങ്ങളും വിവിധ അന്താരാഷ്ട്ര സംഘടനകളുമായി മുപ്പതോളം അംഗങ്ങളുണ്ട്.
- ➪ 2023 സെപ്തംബറിൽ യുനെസ്കോ പുറത്തിറക്കിയ ഗ്ലോബൽ എജ്യൂക്കേഷൻ മോണിറ്ററിംഗ് റിപ്പോർട്ടിൽ പ്രത്യേക പരാമർശം നേടിയ കൈറ്റിന്റെ വിദ്യാഭ്യാസ പോർട്ടൽ
- ✔ സ്കൂൾവിക്കി
- ➪ 2023 സെപ്തംബറിൽ ആൾക്കൂട്ട ആക്രമണത്തിൽ കൊല്ലപ്പെടുന്നവരുടെ ബന്ധുക്കൾക്ക് പത്ത് ലക്ഷം രൂപ നഷ്ടപരിഹാരം നൽകുന്ന പദ്ധതി പ്രഖ്യാപിച്ച സംസ്ഥാനം
- ✔ മധ്യപ്രദേശ്
- ➪ മഹാരാഷ്ട്ര ആസ്ഥാനമായി പ്രവർത്തിക്കുന്ന, ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ ലോജിസ്റ്റിക് കമ്പനിയായ ബ്ലൂ ഡാർട്ട് എക്സ്പ്രസ്സിന്റെ പുതിയ പേര്
- ✔ ഭാരത് ഡാർട്ട്

---

- ➪ 2023 സെപ്തംബറിൽ കേന്ദ്ര ജൽശക്തി മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ അന്താരാഷ്ട്ര ഡാം സുരക്ഷാ സമ്മേളനത്തിന് വേദിയായ നഗരം
- ✔ ജയ്പൂർ
- ➪ 2023 സെപ്തംബറിൽ ക്ഷീരോത്പാദനം വർദ്ധിപ്പിക്കുന്നതിനും ക്ഷീരകർഷകരുടെ വരുമാനം മെച്ചപ്പെടുത്തുന്നതിനുമായി നന്ദിനി കൃഷക് സമൃദ്ധി യോജന എന്ന പദ്ധതി ആരംഭിച്ച സംസ്ഥാനം
- ✔ ഉത്തർപ്രദേശ്
- ➪ 2023 സെപ്തംബറിൽ അന്തരിച്ച പ്രശസ്ത രുദ്ര വീണാ വാദകൻ
- ✔ ഉസ്താദ് അലി സാക്കി ഹേദർ
- ➪ ദേശീയ ഹിന്ദി ദിനമായി ആചരിക്കപ്പെടുന്നത്
- ✔ സെപ്തംബർ 14
- ➪ 2023 സെപ്തംബറിൽ സ്വാമി വിവേകാനന്ദന്റെ ചിക്കാഗോ പ്രസംഗത്തിന്റെ 130-ാം വാർഷികത്തോടനുബന്ധിച്ച് അദ്ദേഹത്തിന്റെ പൂർണ്ണ കായ വെങ്കല പ്രതിമ അനാച്ഛാദനം ചെയ്യപ്പെട്ടതെവിടെ?
- ✔ കാലടി
- ➪ 2023 സെപ്തംബറിൽ പുറത്തിറങ്ങിയ യു.എസ്. ന്യൂസ് വേൾഡ് റിപ്പോർട്ടിന്റെ ഏറ്റവും മികച്ച രാജ്യങ്ങളുടെ വാർഷിക റാങ്കിംഗിൽ ഒന്നാമതെത്തിയത്
- ✔ സ്വിറ്റ്സർലന്റ്
- തുടർച്ചയായി രണ്ടാം തവണയാണ് സ്വിറ്റ്സർലന്റ് റാങ്കിംഗിൽ ഒന്നാമതെത്തുന്നത്. കാനഡ, സ്വീഡൻ, ആസ്ട്രേലിയ, യു.എസ്. എന്നിവയാണ് യഥാക്രമം രണ്ടു മുതൽ അഞ്ച് വരെ റാങ്കുകളിൽ.
- ആകെ 87 രാജ്യങ്ങളുൾപ്പെട്ട റാങ്കിംഗിൽ 40.8 സ്കോർ നേടിയ ഇന്ത്യയുടെ സ്ഥാനം 30 ആണ്.

CAREER GUIDANCE BUREAU

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999